പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2870 — 22.06.2012 ൽ മറുപടിയ്ക്ക്

# എൽ.എസ്.ജി.ഡി. സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) എൻ.ആർ. എൽ. എം, എസ്.ജി. എസ്. വൈ, (ജനറൽ) ഐ.എ.വൈ എന്നീ പദ്ധതികൾ പ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവർത്തിയും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

ബി) പ്രസ്തുത പദ്ധതിയിൽ 2012-2013 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് എന്നും ഓരോന്നിനും നീക്കി വെച്ച തുക എത്രയെന്നും വിശദമാക്കുമോ ?

എ) & ബി)

**എൻ.ആർ.എൽ.എം പദ്ധതി നടത്തിപ്പിനായി 2012-13 വർഷത്തേയ്ക്ക് 57 കോടി രൂപയുടെ വാർഷിക പദ്ധതി അംഗീകാരത്തിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.** കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എൻ.ആർ.എൽ.എം പദ്ധതി ആരംഭിച്ചിട്ടില്ല. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പന്തലായനി, മേലടി എന്നീ രണ്ട് ബ്ലോക്ക് പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. പന്തലായനി ബ്ലോക്കിൽ എസ്.ജി.എസ്.വൈ പദ്ധതിയിൽ 2012-13 വർഷത്തിൽ 10 വ്യക്തിഗത ഗുണഭോക്താക്കൾക്കും 19 ഗ്രൂപ്പുകൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 18.69 ലക്ഷം രൂപ സബ്സിഡിയും 69.23 ലക്ഷം രൂപയുടെ വായ്പയും നൽകുവാനും പരിശീലന പരിപാടികൾക്ക് 2.94 ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 5.94 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ട് സബ്സിഡി ഇനത്തിൽ 2.94 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ട് വായ്പ ഇനത്തിൽ 11.36 ലക്ഷം രൂപയും അടക്കം മൊത്തം 23.63 ലക്ഷം രൂപ സബ്സിഡി ഇനത്തിലും 80.59 ലക്ഷം രൂപ വായ്പ ഇനത്തിലും ചെലവഴിക്കാൻ വേണ്ട കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മേലടി ബ്ലോക്കിൽ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് ജനറൽ വിഭാഗത്തിൽ 2 ഗുണഭോക്താക്കൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. എസ്.ജി.എസ്.വൈ പദ്ധതി സംബന്ധിച്ച രൂപീകരണ പ്രക്രിയ നടന്നു വരുന്നു.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ്. ആക്ഷൻ പ്ലാനുകൾ അനുമതി ലഭ്യമാകാതെയുള്ള.

സെക്ഷൻ ഓഫീസർ